# ജീവിതനൈരാശ്യവും സന്തോഷവും

ഹൃദയകാഠിന്യവും ആർത്തി മൂത്ത മനസ്സുമുള്ള ഒരു പണക്കൊതിയൻ എങ്ങനെയാണ് സമാധാനമായി കിടന്നുറങ്ങുക? ജീവിതാനന്ദങ്ങളെ എങ്ങനെയാണ് ആസ്വദിക്കുക?
ഒരുകാലത്ത് സമ്പത്തും സന്താനങ്ങളും ഭൗതികജീവിതത്തിൻെറ അലങ്കാരങ്ങളായിരുന്നു. ഇന്ന് സമ്പത്ത് അലങ്കാരം മാത്രമല്ല, അതുണ്ടെങ്കിൽ എന്തുമാവാം എന്നാണ് വെപ്പ്. പണം ഉള്ളതിനാൽ നിലമറന്നു ജീവിക്കുന്നവരും സൂക്ഷിച്ചു ജീവിക്കുന്നവരും ഉണ്ടാകാം. ഒക്കെ അവനവൻെറ മനോധർമം.

കാരണം ആളുകൾ പലതരക്കാരാണ്. പല സ്വഭാവക്കാർ. വിവിധ പ്രകൃതർ. ഇവരൊക്കെ ഈ സമൂഹത്തിൻെറ ഭാഗമാണ്. അവരുമായി നമുക്ക് പലപ്പോഴും ഇടപെടേണ്ടി വന്നിട്ടുണ്ടാകാം. അവസ്ഥകൾ നന്നാകുമ്പോൾ മോശമാകുന്നതിനും ആകാതിരിക്കുന്നതിനുമൊക്കെ അടിസ്ഥാനമായി വർത്തിക്കുന്നത് സ്വഭാവത്തിൻെറ വൈവിധ്യപ്രകൃതിയാണ്. സ്വഭാവവൈവിധ്യം ഏറെ അത്ഭുതകരമാണ്. ഒരു മാതാവിൻെറ മക്കൾ പല സ്വഭാവക്കാരാകാം. നല്ലതും ചീത്തയും ഉണ്ടാകാം.
പല ഘടകങ്ങളും ഈ വൈവിധ്യങ്ങളെ നിർണയിക്കുന്നുണ്ട്. അവയുടെ സ്വാധീനം പല വിധത്തിലായിരിക്കും. ഇതൊക്കെ സാധാരണ വർത്തമാനം. അതിലപ്പുറം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പണമാണ് ഇന്ന് ഏറെ പ്രധാനപ്പെട്ട സംഗതി. ജീവിതത്തിൻെറ ലക്ഷ്യം അതായി മാറിയിട്ടുണ്ട്. ആ രംഗത്ത് ശ്രദ്ധിക്കപ്പെടാതെപോയ സാരാംശങ്ങളുണ്ട്.

ആർദ്രതയും അലിവുമില്ലാത്ത കണ്ണുകൾ, കഠിനഹൃദയം, അറ്റമില്ലാത്ത ഭൗതികാസക്തി എന്നിവയെ നാം സൂക്ഷിക്കണം. സമ്പാദിക്കുമ്പോൾ അറിയാതെ പോകുന്ന സംഗതികളാണിത്. ഇവ ജീവിതം ആസ്വദിക്കുന്നതിൽനിന്ന് നമ്മെ തടയും. സംതൃപ്തി അനുഭവിക്കാനാകില്ല. മനുഷ്യരെ സ്നേഹിക്കാനാകില്ല. അസൂയ നിറഞ്ഞതായിരിക്കും മനസ്സ്. ഹൃദയകാഠിന്യവും ആർത്തി മൂത്ത മനസ്സുമുള്ള ഒരു പണക്കൊതിയൻ എങ്ങനെയാണ് സമാധാനമായി കിടന്നുറങ്ങുക? ജീവിതാനന്ദങ്ങളെ എങ്ങനെയാണ് ആസ്വദിക്കുക? ദാരിദ്ര്യം ചിലർക്ക് അസഹ്യമാണ്. ചില ധനികർക്ക് കിട്ടിയാൽ തികയില്ല. അത്യാഗ്രഹികളാണവർ. ഒന്നും അവരെ സന്തോഷിപ്പിക്കുകയില്ല. സമസൃഷ്ടികളെ സ്നേഹിക്കാനും ഉള്ളതുകൊണ്ട് സംതൃപ്തിയടയാനും വിവേകം അത്യാവശ്യമാണ്. മരണചിന്ത അനിവാര്യമാണ്.

ചിലർ തൻെറ ദാരിദ്ര്യത്തെ പഴിക്കും. ഉള്ളവരോട് അസൂയ വെച്ചുപുലർത്തും. തനിക്ക് കിട്ടിയതുകൊണ്ട് തൃപ്തരാകാതെ കാണുന്നതെല്ലാം സ്വന്തമാക്കണമെന്ന ആർത്തിയോടെ ജീവിക്കുന്ന ചിലരുണ്ട്. മറ്റുള്ളവർക്ക് എന്തെങ്കിലും നന്മ ലഭിച്ചാൽ അവർക്ക് കടുത്ത അസൂയയായിരിക്കും. ഇത്തരക്കാരുടെ സമീപനം ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നതും മനുഷ്യർക്ക് ഉൾക്കൊള്ളാൻ സാധിക്കാത്തതുമാണ്. ചിലർ തങ്ങളുടെ ദാരിദ്ര്യാവസ്ഥയിലും ഉള്ളതുകൊണ്ട് സംതൃപ്തമായി ജീവിക്കും. അവശതകൾ മറച്ചുവെച്ച് ജനത്തോട് മധുരമായി പെരുമാറും. മറ്റുള്ളവരുടെ നേട്ടത്തിൽ അവരോടൊപ്പം സന്തോഷിക്കും. ഇവരാണ് വിവേകശാലികൾ. ക്ഷമയാണ് ഇവരെ നയിക്കുന്നത്.

കിട്ടിയതുകൊണ്ട് തൃപ്തരാകാതിരുന്നാൽ ജീവിതനൈരാശ്യം പിടികൂടും.അനർഥങ്ങളിലേക്ക് അത് നമ്മെ നയിക്കും. സ്വഭാവം, പെരുമാറ്റം, സംസ്കാരം തുടങ്ങിയ എല്ലാറ്റിനെയും അത് നശിപ്പിക്കും. നൈരാശ്യം നമ്മെ ജീവിക്കാൻ അനുവദിക്കില്ല. പണവും സൗകര്യങ്ങളും ധാരാളമുള്ളവർ ജീവിതം മുഴുക്കെ സംതൃപ്തരാണെന്ന് കരുതരുത്. സംതൃപ്തിയാണ് യഥാർഥ സമ്പത്ത്. സമ്പത്ത് ഉണ്ടെന്ന് കരുതി അത് ലഭിക്കണമെന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക. അതിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുക. തെറ്റുകൾ വെടിയുക. ജീവിതം സന്തോഷകരമാകും തീർച്ച.